**നം.ആർ&ആർ (1)/3226/2020/ഡി.ജി.ഇ** പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി.16.03.2020
ഫോൺ നം.0471-2580526
ഇ-മെയിൽ: supdtrr.dge@kerala.gov.in

# സർക്കുലർ

**വിഷയം:-** പൊതു വിദ്യാഭ്യാസം- കോവിഡ് - 19 (കൊറോണ) വ്യാപനം തടയാൻ **ബ്രേക്ക് ദ ചെയിൻ** ക്യാമ്പയിനിൽ പങ്കെടുക്കുന്നത് സംബന്ധിച്ച്.

ലോക വ്യാപകമായി കോവിഡ് 19 പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് വൈറസ് വ്യാപനത്തിന്റെ സാധ്യതയും വേഗതയും ഗണ്യമായി കുറയ്ക്കുന്നതിനായി ബ്രേക്ക് ദ ചെയിൻ എന്ന പേരിൽ ആരോഗ്യവകുപ്പ് ബൃഹത്തായ ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്.

കോവിഡ്-19 പടർന്നു പിടിക്കാതിരിക്കാൻ എല്ലാവരും ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്. ഹസ്തദാനം പോലെ സ്പർശിച്ചു കൊണ്ടുള്ള സാമൂഹിക ആശംസകൾ ഒഴിവാക്കുക, മുഖം, മൂക്ക്, കണ്ണുകൾ എന്നിവ സ്പർശിക്കുന്നത് ഒഴിവാക്കുക, തുമ്മുമ്പോഴും, ചുമയ്ക്കുമ്പോഴും വായും, മൂക്കും, തൂവാല കൊണ്ട് മൂടേണ്ടതും ഇടയ്ക്കിടെ കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകേണ്ടതുമാണ്. ഇതിന്റെ ഭാഗമായാണ് ബ്രേക്ക് ദി ചെയിൻ ക്യാമ്പയിൻ സംഘടിപ്പിച്ചിരിക്കുന്നത്.

സർക്കാർ-അർദ്ധസർക്കാർ സ്ഥാപനത്തിലേയ്ക്ക് ജീവനക്കാരെയും പൊതുജനങ്ങളെയും പ്രവേശിപ്പിക്കുന്നതിനുമുമ്പ് Hand Sanitizer ഉപയോഗിക്കുന്നതിനോ, ഹാൻഡ് വാഷ് സോപ്പ് ഉപയോഗിച്ച് കഴുകുന്നതിനോ ഉള്ള സൗകര്യം ഒരുക്കുകയും, ഇവ ഉപയോഗിക്കുന്നുവെന്ന് ഉറപ്പു വരുത്തുകയും ചെയ്യണം.

ഈ ക്യാമ്പയിന്റെ ഭാഗമായി സ്കൂൾ കുട്ടികൾ സ്കൂളിൽ പരീക്ഷയ്ക്ക് ഹാളിൽ കയറുമ്പോഴും, പരീക്ഷ കഴിഞ്ഞ് പുറത്തേയ്ക്ക് പോകുമ്പോഴും Hand Sanitizer ഉപയോഗിച്ച് കൈ വൃത്തിയാക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ എല്ലാ സ്കൂൾ പ്രഥമാദ്ധ്യാപകരും മുൻകൈ എടുത്ത് നടപ്പിൽ വരുത്തേണ്ടതാണ്. ആയതിന്റെ ചെലവ് പി.ഡി അക്കൗണ്ടിൽ നിന്നോ, പി.ടി.എ അക്കൗണ്ടിൽ നിന്നോ കണ്ടെത്തേണ്ടതാണ്. കൊറോണ വൈറസ് വ്യാപനത്തിന്റെ സാദ്ധ്യതയും

വേഗതയും കുറയ്ക്കുന്നതിനുള്ള ഈ ശ്രമത്തിൽ എല്ലാവരുടെയും പങ്കാളിത്തം ഉണ്ടാവേണ്ടതാണ്.

**പൊതു വിദ്യാഭ്യാസ ഡയറക്ടർ**

സ്വീകർത്താക്കൾ:

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2) എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
3) എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും
4) എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
5) എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

(ബന്ധപ്പെട്ട മുഴുവൻ സ്കൂൾ അധികൃതർക്കും സർക്കുലർ നൽകേണ്ടതും നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.)

6) ജോയിന്റ് കമ്മീഷണർ, പരീക്ഷാഭവൻ.
7) എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും.
8) ടെക്സ്റ്റ് ബുക്ക് ഓഫീസർ, തിരുവനന്തപുരം.
9) ചീഫ് എക്സിക്യൂട്ടീവ് ആഫീസർ, കൈറ്റ് & വിക്ടേഴ്സ് ചാനൽ (ഔദ്യേഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
10) ഈ കാര്യാലയത്തിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
11) കരുതൽ ഫയൽ.